**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2696** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ പീഡന നിരോധന നിയമപ്രകാരം കേസ് എടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി സമൂഹത്തിൽപ്പെട്ടവർ ആൾക്കൂട്ട വിചാരണയ്ക്കും ആക്രമണത്തിനും വിധേയമാകുന്ന സാഹചര്യത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുവെ പട്ടികവർഗ്ഗ വിഭാഗക്കാർ ആൾക്കൂട്ട ആക്രമങ്ങൾക്കും അധിക്ഷേപങ്ങൾക്കും ഇരയാകുന്നില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായത് സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ആയതിന്മേൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ദളിത് -ആദിവാസി സമൂഹത്തിൽപ്പെട്ടവർ ആക്രമണത്തിന് വിധേയമാകുമ്പോൾ അതിനെതിരെ പട്ടികജാതി, പട്ടികവർഗ പീഡന നിരോധന നിയമപ്രകാരം പോലീസ് കേസ് എടുക്കാത്ത സംഭവങ്ങൾ കൂടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇത്തരം സംഭവങ്ങളിൽ പ്രസ്തുത നിയമപ്രകാരം കേസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇത്തരം കേസുകൾ ഉണ്ടായാൽ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ അവ ചർച്ച ചെയ്യുകയും പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമ പ്രകാരം കേസെടുക്കേണ്ടതിന്റെ ആവശ്യകത ഉറപ്പുവരുത്തി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം പോലീസ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ചിരിയ്ക്കുന്ന ജ്വാല നിയമസഹായ സെല്ലിൽ ലഭ്യമാകുന്ന ഇത്തരം പരാതികൾ പരിശോധിച്ച് ആവശ്യമായ നിയമ സഹായങ്ങളും നൽകി വരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന എല്ലാ കേസുകളും അതീവ ജാഗ്രതയോടെയും കാര്യക്ഷമമായും നീതിയുക്തമായും അന്വേഷണം നടത്തുന്നതിനും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് നീതി ഉറപ്പ് വരുത്തുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് നിരന്തരം കർശ നിർദ്ദേശങ്ങൾ നൽകിവരുന്നതും |

| | | | |
|---|---|---|---|
| | | | കേസുകളും പരാതികളും സുതാര്യതയോടെ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സബ് ഡിവിഷൻ തലത്തിലും ജില്ലാതലത്തിലും പോലീസ് ആസ്ഥാനത്തും സർക്കാർ തലത്തിലും അവലോകനം നടത്തി വരുന്നതുമാണ്. കൂടാതെ കാര്യക്ഷമമായ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവയും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും ജനമൈത്രി സുരക്ഷ ഉദ്യോഗസ്ഥരുടെയും സംയുക്ത ആഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ്സുകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ